## സേവനങ്ങൾ

- പ്രതിരോധം (Prevention)
- കുടുംബാധിഷ്ഠിത സംരക്ഷണം (Family based care & Protection)
- ദത്തെടുക്കൽ (Adoption)
- പോറ്റിവളർത്തൽ (Foster Care)
- സ്പോൺസർഷിപ്പ് (Sponsorship)
- സംയോജിത സേവനം (Integrated Service Provision)
- വിവിധ വകുപ്പുകളുടെ ഏകോപനം (Interdepartmental co-ordination)
- സമൂഹാധിഷ്ഠിത സേവനസംവിധാനം (Community based service Delivery)
- സമഗ്രബോധവൽക്കരണപരിപാടി (Comprehensive Awareness Programme)
- വിവിധ ഏജൻസികളുടെ നൈപുണി വികസനവും ശാക്തീകരണവും (Capacity building and empowerment of different stake holders)

കുട്ടികളുടെ അവകാശസംരക്ഷണവും ഉത്തമ താൽപ്പര്യസംരക്ഷണവും യഥാവിധി നടപ്പിലാക്കുക എന്ന ദൗത്യമാണ് ICPS വിഭാവനം ചെയ്യുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ ഗ്രാമ-ബ്ലോക്ക് തലത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ അതാത് മേഖലകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും. സമൂഹത്തിലെ വിവിധ മേഖലകളിലുൾപ്പെട്ടവർക്കെല്ലാം സേവനം ലഭ്യമാക്കുന്നതിന് ലക്ഷ്യം വച്ചാണ് ക്രമീകരണങ്ങൾ നിർവ്വഹിച്ചിട്ടുള്ളത്.

കുട്ടികളുടെ ശരിയായ പുരോഗതിയും വികസനവും സാദ്ധ്യമാക്കി ചൂഷണ രഹിതമായ സമൂഹസൃഷ്ടിയിലൂടെ ക്ഷേമരാഷ്ട്രം എന്ന ലക്ഷ്യത്തിലേക്കാണ് ICPS വിരൽചൂണ്ടുന്നത്.

### കുട്ടികളുടെ അവകാശ സംരക്ഷണവും ഉത്തമതാൽപര്യ സംരക്ഷണവും ഉറപ്പുവരുത്തുന്നതിന്



# സംയോജിത ശിശു സംരക്ഷണ പദ്ധതി


**Integrated Child Protection Scheme (ICPS)**


**ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ്**
**ലത്തീൻചർച്ച് കോംപ്ലക്സ്**
**കോൺവെന്റ് സ്ക്വയർ**
**ആലപ്പുഴ - 688001**
**ഫോൺ : 0477-2241644**
www.sjd.kerala.gov.in
Email : dcpualpy@gmail.com


sana creations|9744127025

**കേരള സർക്കാർ**
**സാമൂഹ്യനീതി വകുപ്പ്**
www.sjd.kerala.gov.in

SOCIAL JUSTICE DEPARTMENT



# സംയോജിത ശിശു സംരക്ഷണ പദ്ധതി

**Integrated Child Protection Scheme (ICPS)**

District Child Protection Unit, Alappuzha

## ഐക്യരാഷ്ട്രസഭ 1989ൽ അംഗീകരിച്ച കുട്ടികളുടെ അവകാശ ഉടമ്പടി പ്രകാരമുള്ള ബാലാവകാശങ്ങൾ

- അതിജീവനത്തിനും സംരക്ഷണത്തിനും പൂർണ്ണ വികാസത്തിനുമുള്ള അവകാശം
- മാനസികവും ശാരീരികവും ലൈംഗീകവുമായ പീഡനങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം
- പങ്കാളിത്തത്തിനുള്ള അവകാശം
- ബാലവേലയിൽ നിന്നും ആപൽക്കരമായ ജോലികളിൽ നിന്നുമുള്ള സംരക്ഷണം
- 18 വയസ്സ് തികയാത്ത പെൺകുട്ടികൾക്കും 21 വയസ്സ് തികയാത്ത ആൺകുട്ടികൾക്കും ശൈശവവിവാഹത്തിനെതിരെയുള്ള സംരക്ഷണം
- സ്വന്തം സംസ്കാരം അറിയുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം
- അവഗണനയ്ക്കെതിരെയുള്ള സംരക്ഷണം
- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള അവകാശം
- കളിക്കാനും പഠിക്കാനുമുള്ള അവകാശം
- സ്വകാര്യത സംരക്ഷിക്കുന്നതിനുള്ള അവകാശം
- സംരക്ഷണം നൽകുന്നതും സന്തുഷ്ടവുമായ കുടുംബാന്തരീക്ഷത്തിൽ ജീവിക്കുന്നതിനുള്ള അവകാശം
- കുട്ടികളിൽ നിയമലംഘനം സംഭവിച്ചുപോയാൽ പോലീസ് സ്റ്റേഷനിലോ ജയിലിലോ പാർപ്പിക്കാതിരിക്കാനും ജുവനൈൽ ജസ്റ്റിസ് ബോർഡ് മുമ്പാകെ പ്രത്യേക വിചാരണയ്ക്കും പേരുവിവരങ്ങൾ വെളിപ്പെടുത്താതിരിക്കാനുമുള്ള അവകാശം
- കുട്ടികളുമായി ബന്ധപ്പെട്ട ലൈംഗീക കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഭയരഹിതമായി പോലീസിനെയും അധികാരികളെയും അറിയിക്കാനുള്ള സ്വാതന്ത്ര്യം



ഇവ ഉറപ്പ് വരുത്തുന്നതിന് വിവിധ പദ്ധതികളുടെ ഏകോപനം ലക്ഷ്യംവച്ച് കേന്ദ്രവനിതാ ശിശുക്ഷേമ മന്ത്രാലയം ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളതാണ് **സംയോജിത ശിശുസംരക്ഷണ പദ്ധതി**. കേരളത്തിൽ സാമൂഹ്യനീതി വകുപ്പ് ഈ പദ്ധതിയുടെ നിർവ്വഹണം നടത്തുന്നു.

### ലക്ഷ്യ ഗ്രൂപ്പുകൾ

- നിയമവുമായി സംഘർഷത്തിലേർപ്പെടുന്ന കുട്ടികൾ (Juvanile in Conflict with Law)
- പ്രത്യേക ശ്രദ്ധയും പരിചരണവും ആവശ്യമുള്ള കുട്ടികൾ (Child in need of Care and Protection)
- നിയമവുമായി സമ്പർക്കത്തിലേർപ്പെടുന്ന കുട്ടികൾ (Child in contact with Law)
- ഏതെങ്കിലും തരത്തിൽ അതിക്രമത്തിനിരയാവുന്ന കുട്ടികൾ
- ബാലവേലയിൽ എത്തപ്പെടുന്ന കുട്ടികൾ
- ഭിന്നശേഷിയുള്ള കുട്ടികൾ
- തെരുവിൽ അലയുന്നതും ഭിക്ഷ യാചിക്കുന്നതുമായ കുട്ടികൾ
- മാതാപിതാക്കൾക്ക് സംരക്ഷിക്കുവാൻ ശേഷിയില്ലാത്തതിനാൽ ബുദ്ധിമുട്ടനുഭവിക്കുന്ന കുട്ടികൾ
- തീർത്തും അനാഥരായ കുട്ടികൾ
- പട്ടികജാതി പട്ടികവർഗ്ഗ മറ്റു പിന്നോക്ക വിഭാഗത്തിലെ കുട്ടികൾ
- എച്ച് ഐ വി ബാധിതരായ കുട്ടികൾ
- തടവുശിക്ഷ അനുഭവിക്കുന്നവരുടെ കുട്ടികൾ
- മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരിപദാർത്ഥങ്ങൾക്ക് അടിമപ്പെട്ട കുട്ടികൾ



### സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി (SCPS)

സംസ്ഥാനതലത്തിൽ ഇവയുടെ നടത്തിപ്പിന് സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി രൂപീകരിച്ച് ചുമതലപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരത്ത് പൂജപ്പുരയിൽ SCPS പ്രവർത്തിക്കുന്നു.

### ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് (DCPU)

പദ്ധതിയുടെ ജില്ലാതല സംവിധാനമായി ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് പ്രവർത്തിക്കുന്നു. ജില്ലാ കളക്ടറുടെ നിയന്ത്രണത്തിലുള്ള ഈ യൂണിറ്റിന്റെ മേധാവി ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ആഫീസറാണ്.

### ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി (DCPC)

ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിന്റെ പ്രവർത്തനങ്ങൾ മേൽനോട്ടം വഹിക്കുന്നതിനായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ കളക്ടർ കോ-ചെയർമാനുമായ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി ആണ്.

### ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിന്റെ പ്രവർത്തനങ്ങൾ

കുട്ടികളുടെ അവകാശ സംരക്ഷണവും ഉത്തമതാൽപ്പര്യ സംരക്ഷണവും ഉറപ്പ് വരുത്തുക.

വിവിധ വകുപ്പുകളുടെ സഹകരണത്തോടെ കുട്ടികളുടെ സംരക്ഷണത്തിനും വികസനത്തിനുമുള്ള പദ്ധതികൾ ഏകോപിപ്പിച്ച് ഫലപ്രദമായി നടപ്പിലാക്കുക.

ബാലാവകാശത്തിനും സംരക്ഷണത്തിനുമായുള്ള സന്നദ്ധസംഘടനകളുടെയും സ്ഥാപനങ്ങളുടെയും സേവനദാതാക്കളുടെയും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്നതോടൊപ്പം അവരെ നിരീക്ഷിക്കുകയും ചെയ്യുക.

ക്ലേശകരമായ ജീവിതസാഹചര്യങ്ങളിൽപ്പെട്ട കുട്ടികളുടെ കുടുംബങ്ങളെ കണ്ടെത്തുകയും കുടുംബാധിഷ്ഠിത സംരക്ഷണം ഉറപ്പുവരുത്തുകയും ചെയ്യുക.

